**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനും അടിസ്ഥാനസൗകര്യം വികസനത്തിനും മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായും തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുമായി ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മാണം പൂർത്തിയായി. 2023 ഏപ്രിൽ മാസത്തോടു കൂടി പ്രവർത്തനമാരംഭിക്കുന്നതാണ്. പ്രദേശവാസി കൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകുന്നതാണ്. കൂടാതെ, ഈ മേഖലയിൽ 7.3 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ജല ശുദ്ധീകരണ ശാല ഉൾപ്പെടെ 1000-ത്തോളം വീടുകൾക്ക് സൗജന്യ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിക്കഴിഞ്ഞു. വിഴിഞ്ഞത്ത് നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 80 കിടക്കകൾ ഉള്ള ആധുനിക ആശുപത്രിയായി 4 നിലകളിൽ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്. നിരവധി വർഷങ്ങളായി മലിനപ്പെട്ട് കിടന്ന ഗംഗയാർ തോട് മാലിന്യങ്ങൾ നീക്കം ചെയ്ത് തടസരഹിതമായി ഒഴുകുവാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സർക്കാരിന്റെ ഒരേക്കർ സ്ഥലത്ത് കളിസ്ഥല ത്തിനായി സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള നടപടി, വയോധികർക്കായി ഒരു പകൽവീട് പ്രദേശത്ത് സ്ഥാപിക്കുവാനുള്ള നടപടിയും കോട്ടപ്പുറം MRF (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കുന്ന തിനുള്ള നടപടി എന്നിവ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും |

| | | | |
|---|---|---|---|
| | | | കുടുംബാംഗ ങ്ങൾക്കും പ്രയോജനം ചെയ്യുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു ആധുനിക സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതി നാവശ്യമായ സ്ഥലം കണ്ടെത്തി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഇങ്ങനെ പദ്ധതി ബാധിത പ്രദേശങ്ങളിൽ വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ സർക്കാർ മേൽനോട്ടത്തിൽ നടത്തി വരുന്നു. ഇതു കൂടാതെ നിരവധി CSR പ്രവർത്തനങ്ങൾ തുറമുഖ കരാർ കമ്പനിയുമായി ചേർന്നും നടത്തി വരുന്നുണ്ട്. |
| (ബി) | വിഴിഞ്ഞം പദ്ധതിയ്ക്ക് വേണ്ടി ഭൂമി വിട്ടുനൽകിയവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിഴിഞ്ഞം പദ്ധതിയ്ക്കായി സ്ഥലം വിട്ടുനൽകിയ എല്ലാവരെയും പുനരധവസിപ്പിച്ചിട്ടുണ്ട്. പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെട്ട കോട്ടപ്പുറത്തെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇതിനു പുറമേയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് കമ്മറ്റി സർക്കാർ രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മറ്റി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി വരികയും ചെയ്യുന്നുണ്ട്. |
| (സി) | പ്രദേശവാസികളിൽ നിന്നും ഉയർന്നു വരുന്ന വിഷയങ്ങൾ അതാത് സമയങ്ങളിൽ തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും ചർച്ച ചെയ്തു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ; | (സി) | പ്രദേശവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്ന തിനുമായി സർക്കാർ രൂപീകരിച്ച ഐ.എ.എസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ ചീഫ് സെക്രട്ടറി തലത്തിലും മന്ത്രിതലത്തിലും ഈ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | വിഴിഞ്ഞം തുറമുഖനിർമ്മാണം മൂലം തീരശോഷണം സംഭവിച്ചാൽ പദ്ധതിയേതര മേഖലയിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ? | (ഡി) | പരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകു കയില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.<br><br>എന്നാൽ വലിയതുറ അടക്കമുള്ള പ്രദേശത്ത് കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കും കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരുടെ പുനരധിവാസത്തിനുമായി മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിൽ നിന്നും കൈമാറി കിട്ടിയ 8 ഏക്കർ ഭൂമിയിൽ 400 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 81 കോടി രൂപയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകി. ഈ മാസം ഇവിടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ